# മതവും രാഷ്ട്രീയവും

കെ. എം. ഫ്രാൻസിസ്

CENTRE FOR FAITH AND DEMOCRACY
CHIYARAM
TRICHUR - 26

Rs. 3.00

'മതവും രാഷ്ട്രീയവും' എന്ന ശീർഷകത്തിൽ വരുന്ന ഏതൊരു ചിന്തയും വർത്തമാനകാലഭാരതത്തിൽ സവിശേഷ ശ്രദ്ധ അർഹിക്കുന്നുണ്ട്. ഇന്ത്യ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിൽ ഏററവുമധികം സങ്കീർണ്ണമായതു് മതത്തിൻെറ രാഷ്ട്രീയ ഇടപെടലാണെന്നു് ചില പണ്ഡിതന്മാർ ചൂണ്ടിക്കാട്ടുന്നു. ഇന്നത്തെ ഇന്ത്യൻ സാഹചര്യത്തിൽ വർഗ്ഗീയത എന്ന പദം തന്നെ "മതത്തെ രാഷ്ട്രീയലക്ഷ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കൽ" എന്നായിരിക്കുന്നു എന്നു് ചിലർ വ്യാഖ്യാനിക്കുന്നു. മതതത്വങ്ങൾ രാഷ്ട്രീയത്തിൽ പ്രായോഗികമാക്കാൻ ശ്രമിക്കുന്നവർ മതമൗലികവാദികളായി ചിത്രീകരിക്കപ്പെടുന്നതിൻെറ ദുരന്തപരിണാമമാണു് ഗാന്ധിജിയും മഅദനിയും ഒരേ തലത്തിൽപ്പെട്ട വ്യക്തികളാണു് എന്ന നിഗമനത്തിൽ എത്തിച്ചേരാൻ ഇടവരുത്തിയതു്.

മതം രാഷ്ട്രീയത്തിൽ പ്രയോഗിക്കുന്നവർ എല്ലാവരും തന്നെ വർഗ്ഗീയവാദികളാണു് എന്ന വിവക്ഷ വന്നാൽ വിശ്വാസം പ്രവൃത്തിയിൽ വരുത്താനുള്ളതാണു് എന്നു് ചിന്തിക്കുന്ന ഓരോ വിശ്വാസിയും വർഗ്ഗീയവാദിയായി വ്യാഖ്യാനിക്കപ്പെട്ടേക്കാം; "പ്രവൃത്തിയില്ലാത്ത വിശ്വാസം മൃതമാണു്" എന്നു വിശ്വസിക്കുന്ന വിശ്വാസിയുടെപ്പോലും ഈ "അന്യായവിധി"ക്കു പാത്രമാകും. അതുകൊണ്ടു് ഒരു ഉത്തമവിശ്വാസിയുടെ കാഴ്ചപ്പാടിൽനിന്നുകൊണ്ടു് ഇത്തരമൊരു നിർവ്വചനത്തെ പുനർവിചിന്തനത്തിനും, പുനർനിർണ്ണയത്തിനും വിധേയമാക്കുക അനിവാര്യമായിത്തീർന്നിരിക്കുന്നു. ഇന്നത്തെ ഇന്ത്യൻ സാഹചര്യത്തിൽ വർഗ്ഗീയതയെ തിരിച്ചറിയുകയും, മതത്തിനു് രാഷ്ട്രീയത്തിൽ ഇടപ്പെടാനുള്ള സാദ്ധ്യതകളും, അസാദ്ധ്യതകളും കണ്ടെത്തുകയും ചെയ്യില്ലെങ്കിൽ ഓരോ വിശ്വാസിയും സ്വയം വർഗ്ഗീയവാദിയാണെന്നു് ഏററുപറയുകയാവും ചെയ്യുക. അങ്ങനെയല്ലെങ്കിൽ "വിശ്വാസവും പ്രായോഗികജീവിതവും തമ്മിൽ ബന്ധമില്ല" എന്നു സമ്മതിക്കുകയും ചെയ്യേണ്ടിവരും.

## നിലവിലുള്ള പഠനങ്ങൾ

വർഗ്ഗീയതയെക്കുറിച്ച് പല പഠനങ്ങളും ഭാരതത്തിലും, കേരളത്തിലും ഇന്നു് ലഭ്യമാണു്. ഇവയെല്ലാംതന്നെ ഭാരത

ത്തിലെ സാഹചര്യങ്ങളിൽ ഊന്നിനിന്നുകൊണ്ടാണ് നിർവ്വഹിച്ചിട്ടുള്ളത്. ശ്രീ. കെ.എൻ. പണിക്കരുടെ അഭിപ്രായത്തിൽ ഇന്നത്തെ ഇന്ത്യയിൽ വർഗ്ഗീയതയുടെ അവിഭാജ്യഘടകമാണ് മതം. കാരണം ജനങ്ങളുടെ മതവികാരങ്ങളെയാണ് വർഗ്ഗീയവാദികൾ തങ്ങൾക്കനുകൂലമാക്കി ഉദ്ദീപിപ്പിക്കുന്നതും പ്രയോജനപ്പെടുത്തിക്കൊണ്ടിരിക്കുന്നതും, ജനങ്ങളുടെ മതബോധംതന്നെയാണ് വർഗ്ഗീയബോധമായി പരിവർത്തനം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നത് 1 ഇന്ത്യയിലെ സമകാലീനപരിതസ്ഥിതിയിൽ.... അധികാരം പിടിച്ചെടുക്കുന്നതിനുള്ള ഒരായുധമായിത്തീർന്നിട്ടുണ്ട് വർഗ്ഗീയത. അതിന്റെ പ്രഭവസ്ഥാനമാണ് മതം. 2

ചില ചിന്തകരുടെ അഭിപ്രായത്തിൽ മാറിക്കൊണ്ടിരിക്കുന്ന സാമ്പത്തികബന്ധങ്ങളുടെ പരിണതഫലമായി കമ്പോളത്തിൽനിന്നു് പിന്നോക്കം തള്ളപ്പെടുന്ന മദ്ധ്യവർഗ്ഗത്തിന്റെ മാനസികപിരിമുറുക്കത്തിന് അയവുവരുത്തുന്ന മയക്കുമരുന്നായിത്തീരുകയാണ് മതം. ഇത്തരം മതനേതാക്കൾ തങ്ങളുടെ അനുയായിവൃന്ദത്തെ അധികാരം പിടിച്ചെടുക്കാനോ, നിലനിർത്താനോ മാർഗ്ഗമായി ഉപയോഗിക്കുകയാണ് വർഗ്ഗീയതയെ. 3

പ്രസിദ്ധ ചരിത്രകാരിയായ റോമില താപ്പറുടെ അഭിപ്രായത്തിൽ "അധികാരത്തിൽ വരാനാഗ്രഹിക്കുന്ന വിഭാഗങ്ങൾ ഒരു പ്രത്യേക മതത്തിന്റെ ആശയസംഹിതയുപയോഗിച്ച് ഒരു സമൂഹത്തെ തകിടം മറിക്കുകയും ആ ആശയസംഹിത അംഗീകരിക്കുന്നവരും എതിർക്കുന്നവരും തമ്മിലുള്ള ശക്തമായ വൈപരീത്യങ്ങളുള്ള ഒരു സാമൂഹ്യക്രമത്തെ സ്ഥാപിക്കുകയും ചെയ്യുന്ന ആശയങ്ങളുടെയും അധികാരത്തിന്റെയും മിശ്രണമാണത്. ഈ ആശയസംഹിതയുടെ രചയിതാക്കൾക്കാണ് അധികാരം ലഭിക്കുന്നത്. മതാശയങ്ങളുടെയും അധികാരത്തിന്റെയും ചേരുവ ഇത്തരം ഗ്രൂപ്പുകളെ സാമൂഹ്യപ്രവർത്തനം, നിയമം, വിശ്വാസങ്ങൾ പ്രതീകങ്ങൾ തുടങ്ങിയ സാമൂഹ്യക്രമത്തെ നിർണ്ണയിക്കുന്ന സാഹചര്യങ്ങൾക്കെല്ലാം തങ്ങളുടെ നിർവ്വചനങ്ങൾ നല്കാൻ സഹായിക്കുന്നു." 4

മുകളിൽ വിവരിച്ച പഠനങ്ങളുടെയെല്ലാം അന്വേഷണ പശ്ചാത്തലം ഇന്ത്യയാണ്. പക്ഷെ ഈ പഠനങ്ങളെല്ലാം മതം

എന്ന പദത്തിനു് പാശ്ചാത്യർ നൽകിയിട്ടുള്ള അർത്ഥതലത്തിൽ നിന്നുകൊണ്ടാണു് വർഗ്ഗീയതയെക്കുറിച്ച് വിശകലനം നടത്തുന്നതു്. മതമെന്നതു് ഈശ്വരനും വ്യക്തിയും തമ്മിലുള്ള ബന്ധമാണെന്നു് പാശ്ചാത്യർ നൽകിയ നിർവ്വചനത്തിൻ കീഴിലോ അർത്ഥവ്യാപ്തികളിലോ നിന്നുകൊണ്ടല്ല പകരം മതമെന്നാൽ ഒരു ലോകവീക്ഷണം എന്ന കാഴ്ചപ്പാടിലാണു് ഈ പ്രബന്ധത്തിൽ വർഗ്ഗീയതയെ വിലയിരുത്തിയിരിക്കുന്നതു്.

## വർഗീയത ആധുനിക ഇന്ത്യൻ പശ്ചാത്തലത്തിൽ

"മതം രാഷ്ട്രീയത്തിൽ ഇടപെടുന്നതാണു് വർഗ്ഗീയത" എന്ന നിഗമനത്തിലെത്തിച്ചേരാൻ പ്രസ്തുത ചിന്താഗതിക്കാരെ നയിച്ച വസ്തുതകൾ-ഖാലിസ്ഥാൻ വാദവും, ബാബ്റി മസ്ജിദ്-രാമജന്മഭൂമി തർക്കവുമാണു്. സിക്കുകാരുടെ വിശുദ്ധഭൂമിയായ സുവർണ്ണക്ഷേത്രം ജർണ്ണയിൽ സിംഗ് ഭിന്ദ്രൻവാലയുടെ നേതൃത്വത്തിലുള്ള ആയുധധാരികളായ ഭീകരവാദികൾ 'സ്വതന്ത്രഖാലിസ്ഥാനു'വേണ്ടിയുള്ള വേദിയാക്കി മാററിയപ്പോൾ, കേന്ദ്രസർക്കാർ ഒളിപ്പോരാളികളെ അറസ്റ്റ്ചെയ്തു കസ്റ്റഡിയിലെടുക്കാൻ വലിയ മനോവിഷമത്തോടെയാണെങ്കിലും ഉത്തരവിടുകതന്നെ ചെയ്തു. പക്ഷെ സംസ്ഥാനസർക്കാരിനു് ആ കല്പന നടപ്പിലാക്കാൻ കഴിഞ്ഞില്ല. മതനേതാക്കളുടെ അനുമതി കൂടാതെ സുവർണ്ണക്ഷേത്രത്തിനകത്തുകയറി "ഭീകരവാദികളെ-രാജ്യദ്രോഹികളെ അറസ്റ്റു് ചെയ്യരുതെന്ന മതനേതാക്കളുടെ കർക്കശമായ നിലപാടു് ഗുരുതരമായ ഒരു പ്രതിസന്ധിക്കു നിദാനമായി അത്തരമൊരു നിലപാടു് (മതനേതാക്കളുടെ നിലപാടു്) മതത്തെ ഭരണഘടനക്കു് മീതെ പ്രതിഷ്ഠിക്കുന്ന ഒന്നായിരുന്നു-ഇന്ത്യൻ ഭരണഘടനയ്ക്കുള്ളിൽതന്നെ ഭരണഘടനയ്ക്കു് വിരുദ്ധമായി മറെറാരു നിയമം നിലനിന്നാൽ അഥവാ അതിനനുവദിച്ചാൽ- "രാഷ്ട്രത്തിനകത്തു് മറെറാരു രാഷ്ട്രം" നിലനിൽക്കുന്ന ഒരവസ്ഥയുണ്ടാകും. ഏതൊരു വീക്ഷണകോണിലൂടെ വായിച്ചുനോക്കിയാലും അതു് നഗ്നമായ വിഘടനവാദംതന്നെയാണു്. തർക്കമില്ല.

ബാബ്റിമസ്ജിദ്-രാമജന്മഭൂമി പ്രശ്നത്തിൽ വിശ്വഹിന്ദുപരിഷത്തു് നേതാക്കളുടെ നിലപാടും വിമർശനത്തിനു വി

ധേയമാക്കപ്പെട്ടിട്ടുണ്ട്. ഭരണഘടനാപരമായ ഒരു പരിഹാരം നടപ്പിൽ വരേണ്ടതിന് പരമോന്നത നീതിപീഠത്തിന്റെ വിധി അനുസരിക്കാനുള്ള ധാർമ്മികതവും നിയാമകവുമായ ബാദ്ധ്യത തള്ളിക്കളഞ്ഞുകൊണ്ട് VHP സ്വയം 'ഭരണഘടന' ആവുകയാണ് ചെയ്തത്. ഈ നിഷേധാത്മകസമീപനത്തിലൂടെ പ്രസ്തുത സംഘടന ''രാഷ്ട്രത്തിനകത്ത് മറെറാരു രാഷ്ട്ര''മായിത്തീരുകയാണ് ചെയ്തത്. [5]

ഭരണഘടന വിഭാവനം ചെയ്യുന്ന സകല മൗലികഅവകാശങ്ങളും ഭൂരിപക്ഷം വരുന്ന ജനവിഭാഗം ചോദ്യം ചെയ്യുന്ന ഉൽക്കടമായ ഭീതിയായിരുന്നു പാക്കിസ്ഥാനുവേണ്ടിയുള്ള 'വിഭജനവാദി'കളുടെ പ്രധാന ന്യായീകരണം. അത്തരം ഒരു 'ഭീതിതാവസ്ഥ' ഒരിക്കലും ഉണ്ടാകില്ല അഥവാ ഉണ്ടാവാൻ പാടില്ല എന്ന ഭരണഘടനാശില്പികളുടെ ഹൃദയാഭിലാഷത്തിന്റെ ഉത്തമദൃഷ്ടാന്തമെന്ന് നിലയ്ക്കായിരുന്നു ''ന്യൂനപക്ഷ അവകാശങ്ങൾ മൗലിക അവകാശങ്ങളുടെ ഒരു സംരക്ഷകതത്വമായി അംഗീകരിക്കപ്പെടാൻ കാരണം. പക്ഷെ വിഭജനകാലത്തെ ഉൾഭയം പോലെത്തന്നെ ''ഭരണഘടനക്ക് മുകളിൽ ഭൂരിഭാഗം വരുന്ന ഹിന്ദുജനവിഭാഗത്തിന്റെ ഒരു ഭാഗം തങ്ങളെത്തന്നെ പ്രതിഷ്ഠിക്കുന്ന അവസ്ഥ'' മൗലികഅവകാശങ്ങളെയും ഭരണഘടനയെയും രാഷ്ട്രത്തിന്റെ നിലനിൽപ്പിനെത്തന്നെയും ചോദ്യം ചെയ്യും എന്ന ഭീതി ശരിവയ്ക്കും വിധമാണ് ബാബ്റി-മസ്ജിദ് തകർക്കപ്പെട്ടത്. ഇന്ത്യയിൽ ചില മതങ്ങൾ ''രാഷ്ട്രത്തിനുള്ളിൽ മറെറാരു രാഷ്ട്രമായി രൂപംകൊള്ളാൻ ശ്രമിച്ചതാണ്''' എല്ലാമതങ്ങളും രാഷ്ട്രീയത്തിൽ ഇടപെടുന്നത് തെററാണെന്ന സാമാന്യവൽക്കരണത്തിൽ കൊണ്ടെത്തിച്ചത്

## മതം എന്നാൽ എന്ത്?

മതതത്വങ്ങൾ രാഷ്ട്രീയത്തിൽ പ്രയോഗിക്കുന്നതിനെ 'മതമൗലികവാദ'മെന്നധിക്ഷേപിക്കുന്നവർ [6]'മതം എന്നാൽ എന്ത്'' എന്നു വ്യക്തമായി നിർവ്വചിച്ചുകാണുന്നില്ല. എന്താണ് മതം എന്നതിനു വ്യക്തമായി ഒരുത്തരം – ഒരു നിർവ്വചനം ഇത്തരുണത്തിൽ പ്രസക്തവും അനിവാര്യമാണ്. അത്തരം ഒരു വ്യക്തമായ പരിപ്രേക്ഷ്യ (perspective) മോ, ഉൾക്കാഴ്ചയോ ഇല്ലാ

ത്തെ കുരുടന്മാർ ആനയെക്കണ്ടതുപോലെ, കാടടച്ച് വെടിവെയ്ക്കുക എന്ന നയം ആർക്കും ഭൂഷണമാകുന്നില്ല. മതം രാഷ്ട്രീയത്തിൽ ഇടപെടുന്നതിനെ നിയന്ത്രിക്കുന്നതിനുവേണ്ടിയുള്ള ബിൽ പാർലിമെന്റിൽ പാസ്സാക്കിയെടുക്കാൻ കഴിയാഞ്ഞതിന്റെ പ്രധാന ഹേതു മതം എന്താണെന്ന് വ്യക്തമായി നിർവ്വചിക്കുന്നതിൽ വന്ന പരാജയമാണ്. ഈ വസ്തുത ചൂണ്ടിക്കാണിച്ച പല ചിന്തകരും ഉറക്കെ ചിന്തിച്ച ഒരു സംഗതി, ആശയതലത്തിലുള്ള അവ്യക്തതയാണ് എല്ലാ നീക്കങ്ങൾക്കും പ്രതികൂലാവസ്ഥ സൃഷ്ടിക്കുന്നതെന്നാണ്.

വർത്തമാനകാലഭാഷയിൽ 'മതാനുയായി' എന്നത് ഈശ്വരവിശ്വാസി എന്ന അർത്ഥത്തിലാണ് പ്രയോഗിക്കപ്പെടുന്നത്. അസ്പഷ്ടമായ ഒരാശയം എന്ന നിലക്ക് ഇതു് വ്യാഖ്യാതാവിന്റെ താല്പര്യങ്ങൾക്കനുസാരം വ്യാഖ്യാനിക്കപ്പെടുകയാണ്. പക്ഷെ അത്തരം ഒരർത്ഥം ''മത''ത്തിന് കൊടുത്താൽ പരമ്പരാഗതമായി നാം 'മത'മെന്നു വിളിക്കുന്ന പല 'മത'ങ്ങളും മതങ്ങളല്ലാതായിത്തീരും. ഉദാഹരണമായി, 'ബുദ്ധമത'ത്തിൽ ഈശ്വരനെക്കുറിച്ച് ഒരു പരാമർശവുമില്ല എന്ന വസ്തുത നാം ഗ്രഹിക്കണം. 'ബുദ്ധി'യേയും 'സംഘ'ത്തേയും 'ധമ്മ'ത്തെയും ശരണംകൊള്ളാൻ അനുയായികളെ ഉദ്ബോധിപ്പിക്കുന്ന 'ബുദ്ധിസം' ഒരു മതമായി അംഗീകരിക്കപ്പെടണമെങ്കിൽ ''ഈശ്വരവിശ്വാസമാണ് മതത്തിന്റെ അടിസ്ഥാനസിദ്ധാന്തം'' എന്ന വാദത്തിൽ ഒട്ടും കഴമ്പില്ലെന്നു സിദ്ധിക്കുന്നു.

ഒരു നേതാവും ഒരു സ്ഥാപകനും അനിവാര്യമാണെന്നുള്ളതാണ് മതത്തിന്റെ അടിസ്ഥാനമായി ഗണിക്കപ്പെടുന്നതെങ്കിൽ ഹിന്ദുമതം ഒരു മതമല്ലെന്നു സിദ്ധാന്തിക്കേണ്ടിവരും. എന്തെന്നാൽ ഹിന്ദുമതം ആരെങ്കിലും ആരംഭിച്ചതായി അവകാശപ്പെടുന്നില്ല.

ഒരു പാശ്ചാത്യചിന്താപദ്ധതിയിൽ, അഥവാ ഒരു പ്രത്യേകപാശ്ചാത്യപശ്ചാത്തലത്തിൽ മതമെന്നാൽ മനുഷ്യനെ ദൈവവുമായി ബന്ധപ്പെടുത്തുന്ന ഒരു തത്വസംഹിത എന്ന നിയതമായ അർത്ഥം കാണുന്നുണ്ടെങ്കിലും ഭാരതീയ പശ്ചാത്തലത്തിൽ 'അഭിപ്രായം' എന്നാണ് അതിന്റെ വാഗർത്ഥം. ഒന്നുകൂടി

വിശദമായി പറയുകയാണെങ്കിൽ മനുഷ്യൻ എവിടെനിന്നു വരുന്നു; അഥവാ എവിടെനിന്നു വന്നു? എങ്ങോട്ടു പോകുന്നു? തന്റെ ഉറവിടവുമായുള്ള അവന്റെ ബന്ധമെന്തു്? മനുഷ്യനും, മനുഷ്യനും തമ്മിലുള്ള പരസ്പരബന്ധമെന്തു്? എന്നീ വസ്തുതകളെ "ഈശ്വരനുണ്ടു്, ഈശ്വരനില്ല", "ഈശ്വരനുണ്ടോ ഇല്ലയോ എന്നറിയില്ല" തുടങ്ങിയ വ്യത്യസ്ത പ്രതികരണങ്ങളെ ആസ്പദമാക്കി സമഗ്രമായി അഭിപ്രായം പറയുകയും, ആ അഭിപ്രായങ്ങളെ അനുവർത്തിക്കുകയും ചെയ്യുന്നവരുടെ കൂട്ടത്തെ നമുക്കു മതം എന്നു വിളിക്കാം. ഇന്ത്യൻ പാരമ്പര്യത്തിലുള്ള ഈ നിർവ്വചനത്തിനു മാത്രമേ ബുദ്ധമതം, ഹിന്ദുമതം, ചാർവാകമതം, ക്രിസ്തുമതം, ഇസ്ലാംമതം മുതലായ മതങ്ങളെ ഉൾക്കൊള്ളാൻ കഴിയുകയുള്ളൂ. ഈ നിർവ്വചനത്തിന്റെ പരിധിയിൽ പരിശോധിക്കുമ്പോൾ മാർക്സിസംപോലുള്ള പ്രത്യയശാസ്ത്രങ്ങൾ, ഹിററ്ലറുടെ തത്വസംഹിത, രജനീഷിന്റെ ദർശനങ്ങൾ – ആശയങ്ങൾ– എന്നിവയെ വ്യത്യസ്തമതങ്ങൾ എന്നു് കണക്കാക്കേണ്ടിവരും. താൻ ഒരു 'മത'ത്തിലും വിശ്വസിക്കുന്നില്ല എന്നവകാശപ്പെടുന്ന മനുഷ്യനു ആ അഭിപ്രായംതന്നെ ഒരു മതമാണു്.

ഇന്ത്യൻ പശ്ചാത്തലത്തിലും ഇന്ത്യൻ പാരമ്പര്യത്തിലും അധിഷ്ഠിതമായ ഒരു നിർവ്വചനമാണു് നാം മതത്തിനു കൊടുക്കുന്നതെങ്കിൽ 'മതതത്വങ്ങൾ' രാഷ്ട്രീയത്തിൽ പ്രയോഗിക്കാത്ത ഒരൊററ മനുഷ്യനും ഇല്ല എന്നു പറയേണ്ടിവരും. അങ്ങനെ ചിന്തിക്കാൻ തുടങ്ങിയാൽ ലോകത്തിലെ സർവ്വമനുഷ്യരും വർഗ്ഗീയവാദികളാണെന്ന നിർദ്ധാരണത്തിൽ ചെന്നെത്തേണ്ടിവരും.

ഈയൊരു സവിശേഷപശ്ചാത്തലത്തിലാണു് വർഗ്ഗീയതക്കു് നാം പുതിയൊരു നിർവ്വചനം നൽകേണ്ടിവരുന്നതു്. 'മത'മില്ലാതെ ഒരു രാഷ്ട്രീയപ്പാർട്ടിക്കും നിലനിൽക്കാൻ സാദ്ധ്യമല്ലെന്നു സിദ്ധിക്കുന്നു. അതുകൊണ്ടായിരിക്കണം 'സെക്കുലറിസം' എന്ന പദത്തിനു് മതനിഷേധം എന്നതിനുപകരം സർവ്വമതസഹവർത്തിത്വം എന്ന അർത്ഥം നൽകുന്നതു്. (Peaceful Co-existence of different religions) നിരീശ്വരവാദ'മത'ക്കാരെപ്പോലും ഈ സഹവർത്തിത്വത്തിലുൾപ്പെടുത്തിയിരിക്കുന്നു! മതത്തെ നിഷേധിക്കുന്ന ഒരു നിലപാടു് മനുഷ്യനെ നിഷേധി

കുന്ന ഒരു അവസ്ഥയായി പരിണമിക്കുകയും തുടർന്നു് മൗലീകാവകാശങ്ങളുടെ ലംഘനവും നിഷേധവുമായി രൂപാന്തരം പ്രാപിക്കുകയും ചെയ്യുമെന്നതു് നിസ്തർക്കമായ വസ്തുതയാണു്. ഇത്തരമൊരു സാഹചര്യത്തിൽ മതംതന്നെ രാഷ്ട്രത്തിനും മനുഷ്യർക്കും അപകടകാരിയായിത്തീരുന്ന അവസ്ഥയെ നാം സ്പർശിച്ചറിയുകയും അതിനെതിരായി സൃഷ്ടിപരമായ സാമൂഹ്യാവബോധം സൃഷ്ടിച്ച് സുദൃഢമായ പ്രതിരോധങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുക എന്നതാണു് വർഗ്ഗീയതയ്ക്കെതിരായ പോരാട്ടത്തിന് മുഖ്യപോംവഴി. മനുഷ്യൻ ജീവിതത്തിന്റെ മുഖ്യസ്രോതസ്സായി അവരോധിക്കുന്ന, മനുഷ്യനെക്കുറിച്ചുള്ള സമഗ്രമായ അഭിപ്രായം (മതം) മററു മനുഷ്യരുടേയും സമൂഹത്തിന്റെതന്നെയും അസ്തിത്വത്തിനു് ഹാനികരമാകുന്ന സൈദ്ധാന്തികവും പ്രായോഗികവുമായ അവസ്ഥയെ നമുക്കു് വർഗ്ഗീയത എന്നു വിളിയ്ക്കാം.

## മതം വർഗീയമാകുന്നതെപ്പോൾ?

"മതങ്ങൾ രാഷ്ട്രത്തിനകത്തു് മറെറാരു രാഷ്ട്രമായി നിലകൊള്ളാൻ ശ്രമിച്ചതിന്റെ രണ്ടു തിക്തദൃഷ്ടാന്തങ്ങളാണു് ഈയ്യിടെ സമകാലീന ഇന്ത്യൻചരിത്രത്തിൽ നാം ദർശിച്ചതു്. അതുകൊണ്ടു് "രാഷ്ട്രത്തിനുള്ളിൽ മറെറാരു രാഷ്ട്രമായി പ്രവർത്തിക്കണമെന്നു് അഥവാ അങ്ങനെ വർത്തിക്കണമെന്നു് ഉദ്ബോധിപ്പിക്കുന്ന അഭിപ്രായങ്ങളെ വർഗ്ഗീയവാദമെന്നും വിഘടനവാദമെന്നും വിളിക്കണം. ഭരണഘടന പ്രദാനം ചെയ്യുന്ന മൗലീകാവകാശങ്ങൾക്ക് ഉപരിയായി, സ്വയം പ്രതിഷ്ഠിക്കുന്ന മതങ്ങൾ ന്യൂനപക്ഷമായാലും ഭൂരിപക്ഷമായാലും വർഗ്ഗീയവാദക്കാരാണു്. വ്യക്തമായി പറഞ്ഞാൽ ഭരണഘടനയെ രാഷ്ട്രത്തിന്റെ പരമാധികാരതത്വമായി അംഗീകരിക്കുന്ന മതങ്ങൾ മാത്രമേ വർഗ്ഗീയമല്ലാതാകുന്നുള്ളൂ എന്നർത്ഥം.

ഈ തത്വം സ്വീകരിക്കുമ്പോൾ മറെറാരു സന്ദേഹം ഉയർന്നുവന്നേക്കാം. രാഷ്ട്രത്തിന്റെ ഭരണഘടനതന്നെ മൗലീകാവകാശങ്ങൾക്കു് എതിരായി ഭവിക്കുന്നുവെങ്കിൽ എങ്ങിനെ ആ ഭരണഘടനയെ ചോദ്യം ചെയ്യും എന്നതാണതു് ചിലർ അതു് ചൂണ്ടിക്കാട്ടുന്നുണ്ടു്. അത്തരം ഒരു നിയാമകപ്രാധാന്യത്തെ ചോദ്യംചെയ്യാൻ പക്ഷെ ഭരണഘടന അനുശാസിക്കുന്ന

മാർഗ്ഗം പിന്തുടരാൻ മാത്രമേ ഒരു പൗരനു് അവകാശമുള്ളൂ. പൗരനില്ലാത്ത ഒരവകാശം സംഘടനയ്ക്കോ മതത്തിനോ രാഷ്ട്രത്തിലെ ഭൂരിപക്ഷത്തിനോ നല്കിയാൽ മൗലീകാവകാശങ്ങൾ ഇല്ലാതാകും. ഒരു വിഭാഗം മറെറാരു വിഭാഗത്തെ ബലംപ്രയോഗിച്ചു് അടിച്ചമർത്തും.

ഇത്തരം സാധ്യതകളുടെയും നിഗമനങ്ങളുടെയും അടിസ്ഥാനത്തിൽ മാർക്സിസംപോലുള്ള പ്രത്യയശാസ്ത്രങ്ങളെ വർഗ്ഗീയമായി കണക്കാക്കേണ്ടതുണ്ടെന്നു് ചില ചിന്തകർ ചൂണ്ടിക്കാട്ടുന്നു. (വർഗ്ഗീയതയ്ക്കു് റോമില താപ്പർ നൽകിയിരുന്ന നിർവ്വചനത്തിലെ, എല്ലാ ലക്ഷണങ്ങളും മാർക്സിസ്റ്റു് പ്രത്യയശാസ്ത്രത്തിനു് ഉണ്ടു് എന്നതു് അത്ഭുതകരമായിതോന്നുന്നു) തിന്മയെ ഉന്മൂലനം ചെയ്യാനുതകുന്ന ഒരു സമ്പൂർണ്ണ സാമൂഹ്യവ്യവസ്ഥിതിയുടെ രഹസ്യം അറിയാമെന്നു് സ്വയം ചിന്തിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നവർ ആ വ്യവസ്ഥിതിക്കു് ജന്മം നല്കാൻ അക്രമവും വഞ്ചനയും ഉൾപ്പെടെ ഏതു കുത്സിതമാർഗ്ഗവും അവലംബിക്കാമെന്നുകൂടി വിശ്വസിക്കുമ്പോൾ രാഷ്ട്രീയം ഒരു ഭൗതികമതം (Secular Religion) ആയി മാറുകയാണുചെയ്യുന്നതു്.8 അപഭ്രംശവിധേയമായ മാർഗ്ഗത്തെ ഉദാത്തമായ ലക്ഷ്യം സാധൂകരിക്കുന്നുവെന്ന വികലമായ വിശ്വാസവും ധാരണകളും സനാതനസത്യത്തെ മുറിവേൽപ്പിക്കുന്നു!

മാർക്സിസ്റ്റു് പ്രത്യയശാസ്ത്രവും ഒരു രാഷ്ട്രത്തിലെ വ്യക്തികളുടെ മൗലീകാവകാശങ്ങൾക്കുപരിയായി സമൂഹത്തിൻെറ ഭൂരിപക്ഷത്തെ, ഭൂരിപക്ഷതാല്പര്യത്തെ പ്രതിഷ്ഠിക്കുന്നു. ഈ താത്വികാധാരം മൂലം ആയിരിക്കണം പാർട്ടിയ്ക്കെതിരായ ശത്രുക്കളെ ഉന്മൂലനംചെയ്യുന്ന പ്രവണത മാർക്സിസം നടപ്പിലാക്കിയ രാജ്യങ്ങളിൽ അരങ്ങേറാൻ ഇടയാക്കിയതു്.

ഇററലിയിൽ ബെനിറേറാ മുസ്സോളിനിയുടെ നേതൃത്വത്തിൽ അരങ്ങേറിയ ഫാസിസം (ഈ മുസ്സോളിനി 'അവന്തി' എന്ന സോഷ്യലിസ്റ്റു് പാക്ഷികത്തിൻെറ പത്രാധിപരായിരുന്നുവെന്നോർക്കണം), ജർമ്മനിയിൽ അഡോൾഫു് ഹിററ്ലർ വളർത്തിയെടുത്ത നാസിസം, തുടങ്ങിയ പ്രത്യയശാസ്ത്രങ്ങളും തങ്ങളുടെ അഭിപ്രായം, ലോകവീക്ഷണം, എന്നിവ തങ്ങൾ ഒരു ന്യൂനപക്ഷമായിരുന്നിട്ടുകൂടി തങ്ങളുടെ ആശയങ്ങളും തീരുമാന

ങ്ങളും മററുള്ളവരുടെമേൽ ബലംപ്രയോഗിച്ച് അടിച്ചേൽപ്പിച്ചതിനു ചരിത്രം നല്കുന്ന തെളിവുകളാണ്. അതുകൊണ്ട് തങ്ങളുടെ അഭിപ്രായം ബലംപ്രയോഗിച്ച് നടപ്പിൽവരുത്തണം എന്നു ശഠിക്കുന്നതും വർഗ്ഗീയവാദംതന്നെ എന്നുകാണാം.

മുകളിൽ സൂചിപ്പിച്ച രണ്ട് അവസ്ഥകളും-രാഷ്ട്രത്തിനകത്ത് മറെറാരു രാഷ്ട്രവും, ന്യൂനപക്ഷത്തിൻേറയോ, ഭൂരിപക്ഷത്തിൻേറയോ, അഭിപ്രായങ്ങളെ മററുള്ളവരുടെമേൽ അടിച്ചേൽപ്പിക്കലും-അടിസ്ഥാനപരമായി സ്വന്തം താല്പര്യങ്ങൾ മറെറാരുവിഭാഗത്തിൻേറമേൽ തടസ്സമെന്യേ കെട്ടിഏൽപ്പിക്കലാണ്, അടിച്ചേൽപ്പിക്കുകയാണ്. ഈ പ്രവണതയുടെ മൗലികകാരണം "തങ്ങൾ സ്വയം മററുള്ളവരേക്കാൾ ഉന്നതരാണ്, ശ്രേഷ്ഠരാണ്" എന്ന ബോദ്ധ്യമാണ്.

മതം, വർഗ്ഗം, ഭാഷ, വംശം, ജാതി എന്നീ മാനദണ്ഡങ്ങളുടെ പേരിൽ ഒരു വിഭാഗം മറെറാരു വിഭാഗത്തേക്കാൾ ഉത്തമരാണെന്നും ഉന്നതരാണെന്നും അവകാശപ്പെടുമ്പോൾ അടിച്ചമർത്തലിൻേറ തത്വശാസ്ത്രം പരമമായി ഒരഭിപ്രായമാകുകയും മതം രൂപംകൊള്ളുകയും അതു സ്വാഭാവികമായി മററുവിഭാഗങ്ങളുടെ മൗലികാവകാശങ്ങളെ ചോദ്യം ചെയ്യാൻ മുന്നോട്ടുവരികയും ചെയ്യുന്നു.

ഇത്തരം ഒരു വിശകലനരീതിക്ക് എതിരായി ഉന്നീതമാകാവുന്ന ഒരാരോപണം അങ്ങനെയെങ്കിൽ ഒരു മതവിശ്വാസിക്കും തങ്ങളുടെ വിശ്വാസം ശ്രേഷ്ഠമാണെന്ന് അവകാശപ്പെടാൻ കഴിയുകയില്ലല്ലോ എന്നാണ്. തങ്ങളുടെ മതം മററുള്ളവരുടേതിനേക്കാൾ ഉയർന്നതാണെന്ന് പറയാത്ത ഒരു മതാനുയായിയും നിലനില്ക്കാനർഹനല്ല. അതുകൊണ്ട് അത്തരം ഒരവകാശവാദം ഉന്നയിക്കുന്നതല്ല കാതലായ പ്രശ്നം. "എൻേറ മതം ഉയർന്നതാണ് എന്നവകാശപ്പെടുന്നതോടൊപ്പം" ഞാനും നിന്നേക്കാൾ ഉയർന്നവനാണ് എന്ന് ഒരു മതാനുയായി അവകാശപ്പെടാൻ തുടങ്ങിയാൽ അതോടെ വർഗ്ഗീയത ആരംഭിക്കുകയായി. ഈ അവകാശവാദം മററുള്ള വ്യക്തികൾക്കും വിഭാഗങ്ങൾക്കും മീതെ തങ്ങളെത്തന്നെ പ്രതിഷ്ഠിക്കുന്നതിലൂടെ മററു വ്യക്തികളുടെയും, ഗ്രൂപ്പുകളുടെയും വർഗ്ഗങ്ങളുടെയും നിലനില്പിനെ-അസ്തിത്വത്തെതന്നെ ചോദ്യം ചെയ്യുന്നു.

അതുകൊണ്ട് ചിലർ ഭരണഘടനയ്ക്കു മുകളിൽ തങ്ങളെത്തന്നെ പ്രതിഷ്ഠിക്കുന്നതിൻെറ മൂലകാരണം വ്യക്തികളും പ്രത്യേകവിഭാഗങ്ങളും തങ്ങളുടെ മതംപോലെത്തന്നെ തങ്ങളും മററുള്ളവരേക്കാൾ ഉയർന്നവരാണെന്ന ബോദ്ധ്യത്തിൽനിന്നോ, മനോഭാവത്തിൽനിന്നോ രൂപീകരിക്കപ്പെട്ട ആശയംതന്നെ എന്നു കാണാം. ഈ ആശയമനുസരിച്ച് ഒരു വ്യക്തിയോ, സമൂഹമോ തങ്ങൾ മററുള്ളവരേക്കാൾ ഉയർന്നവരാണെന്നു് അവകാശപ്പെട്ടുകൊണ്ട് മററുള്ളവരുടെ അസ്തിത്വത്തേയും മൗലികാവകാശങ്ങളേയും ചോദ്യംചെയ്യുന്നതിനെ വർഗ്ഗീയത എന്നു വിളിയ്ക്കാം.

"Historically, racial prejudice, in the strict sense of word, that is awareness of the biologically determined superiority of ones own race or ethnic group with respect to others, developed above all from the practice of Colonisation and slavery at the dawn of Modern era." 9

വർഗ്ഗീയതയെക്കുറിച്ച് മുകളിൽ നല്കിയിരിക്കുന്ന നിർവ്വചനത്തിന് കുറച്ചുകൂടി വിശാലത പ്രദാനംചെയ്തുകൊണ്ട് പീയൂസ് പതിനൊന്നാമൻ മാർപ്പാപ്പ നാസികൾക്കെതിരെ പ്രതികരിച്ചതു് ഇങ്ങനെയാണ്; 'Who so-ever takes race or the people, or the state or any other basic value of the human community .........in order to withdraw them from (their) scale of values ... ..... and deify them through an idolatrous-cult, overturns and falsifies the order of things created and established by god" 10

### മതത്തിന് രാഷ്ട്രീയത്തിലെ പങ്ക്

വ്യക്തികളോ, സമൂഹമോ, രാഷ്ട്രമോ തങ്ങളെത്തന്നെ ദൈവമാക്കുന്നതിലൂടെയാണ്, മററുള്ളവരേക്കാൾ ഉയർന്നവരാണെന്ന അഹംബോധം ഉളവാകുന്നതു്. ഈ ബോധ്യത്തെ, അഹംബോധത്തെ ഇല്ലായ്മചെയ്യുകയും സർവ്വമനുഷ്യരും സമന്മാരാണെന്ന സനാതനബോധം ഉടലെടുക്കുകയും ചെയ്യുമ്പോഴാണ് വർഗ്ഗീയതയുടെ മുള്ളുകൾ പിഴുതെറിയപ്പെടുന്നതു്.

"ദൈവത്തിൻെറ പിതൃത്വവും മനുഷ്യസഹോദര്യവും എന്ന ഉദാത്തവിശ്വാസവും ഉൽകൃഷ്ടാശയവും ഉയർത്തിപിടിക്കുമ്പോഴാണ് എല്ലാവരും തുല്യരാണെന്ന ബോധ്യം ആന്തരികമായി രൂപംകൊള്ളുക.

ദൈവം സ്വന്തം ഛായയിൽ മനുഷ്യനെ സൃഷ്ടിച്ചു എന്നാണ് എഴുതപ്പെട്ടിരിക്കുന്നത്. അല്ലാതെ ദൈവം മുസ്ലീമിനെ സൃഷ്ടിച്ചു; ക്രിസ്ത്യാനിയെ സൃഷ്ടിച്ചു; ഹിന്ദുവിനെ സൃഷ്ടിച്ചു; സിക്കുകാരനെ സൃഷ്ടിച്ചു; പാഴ്സിയെ സൃഷ്ടിച്ചു എന്നല്ല പറയുന്നതു ; ദൈവം മനുഷ്യനെ സൃഷ്ടിച്ചു എന്നാണ്. ദൈവമാണ് എല്ലാമനുഷ്യരുടെയും ഉറവിടവും ഉല്പത്തിസ്ഥാനവും എന്ന ഉത്തമബോധ്യമാണ് മനുഷ്യസാഹോദര്യത്തിന്റെ അടിസ്ഥാനം.

ഇത്തരത്തിൽ തനിക്കുമുകളിൽ ഒരു നിത്യസത്യമുണ്ടെന്നു് മനുഷ്യരെ ഉദ്ബോധിപ്പിക്കുന്നതിലൂടെ ഭരണഘടനക്കു മുമ്പിൽ എല്ലാവരും തുല്യരാണ് എന്ന അവബോധം ജനിപ്പിച്ചുകൊണ്ടു 'നിയമാധിപത്യം' എന്ന രീതിയിലുള്ള 'ജനാധിപത്യം' ഊർജിതപ്പെടുത്താൻ മതത്തിനു സാധിക്കുമെന്ന കാര്യത്തിൽ സംശയമില്ല.

തനിക്കോ, തന്റെ വർഗ്ഗത്തിനോ, ഗ്രൂപ്പിനോ, പാർട്ടിക്കോ, സമൂഹത്തിനോ മുകളിൽ മറെറാരു സത്യമില്ലെന്നും ധരിക്കുന്നവർ സ്വയം തങ്ങളെത്തന്നെ 'സത്യ'മായി കാണുകയും, സ്വയം 'നിയമ'മാകുകയും നിയമവാഴ്ചതന്നെ തകിടം മറിക്കുകയും ചെയ്യുന്നു. വ്യക്തികളോ, ഗ്രുപ്പുകളോ സ്വയം 'നിയമ'മായി മാറിക്കൊണ്ടു് ആ നിയമം മററുള്ളവരുടെമേൽ അടിച്ചേൽപ്പിക്കുന്നതാണല്ലോ സ്വേച്ഛാധിപത്യം. ഈ സ്വേച്ഛാധിപത്യപ്രവണതയുടെ വേരു്-നിയമവാഴ്ചയുടെ നിഷേധം ആരംഭിക്കുന്നതു്- 'ദൈവനിഷേധ'ത്തിൽനിന്നുതന്നെയാണു്. കെട്ടുറപ്പുള്ള, ഐക്യദാർഢ്യമാർന്ന ഒരു രാഷ്ട്രമുണ്ടാകണമെങ്കിൽ ഈശ്വരവിശ്വാസമുള്ള ഒരു ജനത തികച്ചും അനിവാര്യമാണെന്ന അഭിപ്രായം ഗാന്ധിജി പുറപ്പെടുവിച്ചതു് ഈ പശ്ചാത്തലത്തിൽ സവിശേഷ ശ്രദ്ധ അർഹിക്കുന്നു. ലിയോ പതിമ്മൂന്നാമൻ മാർപാപ്പയുടെ വാക്കുകൾ ഇവിടെ സ്മരണീയമാണു്.

"സത്യത്തെ അതിന്റെ വസ്തുനിഷ്ഠമായ അർത്ഥത്തിൽ നിഷേധിക്കുന്നതിൽനിന്നാണു് സ്വേച്ഛാധിപത്യം ഉടലെടുക്കുന്നതെന്നു കൂടി ഇവിടെ സൂചിപ്പിക്കേണ്ടിയിരിക്കുന്നു. മനുഷ്യൻ തന്റെ സമ്പൂർണ്ണവ്യക്തിത്വം ഏതൊരു സത്യത്തിന്റെ അനുസരണം വഴി ആർജ്ജിക്കേണ്ടതുണ്ടോ, ആ സർവ്വാതിശായിയായ സത്യമി

ല്ലെങ്കിൽ മനുഷ്യർ തമ്മിലുള്ള നീതിപൂർവ്വകമായ ബന്ധത്തിനു് ഉറപ്പുനൽകുന്ന സുനിശ്ചിതമായ ഒരു തത്വവും ഉണ്ടായിരിക്കുകയില്ല. ഒരു വർഗ്ഗം, ഒരു ഗ്രൂപ്പ്, അല്ലെങ്കിൽ രാഷ്ട്രം എന്നീ അവസ്ഥകളിലുള്ള ആളുകളുടെ_വ്യക്തികളുടെ_സമൂഹങ്ങളുടെ_ സ്വാർത്ഥതാൽപര്യങ്ങൾ അവരെ അനിവാര്യമാംവിധം പരസ്പര വിരോധികളാക്കി മാററും. സർവ്വോതിശായിയായ ഒരു നിത്യ സത്യത്തെ അവൻ സ്വീകരിക്കാൻ വൈമുഖ്യം പ്രകടിപ്പിക്കുമ്പോൾ അധികാരത്തിൻെറ ഇരുട്ട് അവനെ കീഴടക്കി അന്ധനാക്കുന്നു_(Power Tends to Corruption,absolute power corrupts absolutely'' Lord Acton എന്ന യാഥാർത്ഥ്യം നാം ഇപ്പോൾ ഓർക്കുന്നതു് ഉചിതം) സ്വന്തം താല്പര്യം അഥവാ അഭിപ്രായം അടിച്ചേൽപ്പിക്കാൻവേണ്ടി തൻെറ കൈവശമുള്ള ഉപാധികളെല്ലാം ആവേശപൂർവ്വം മുഴവനായും വിനിയോഗിക്കാനുള്ള പ്രവണത അയാൾ അല്ലെങ്കിൽ അവർ പ്രകടിപ്പിക്കുകയും ചെയ്യും. മററുള്ളവരുടെ അവകാശങ്ങളോട് അവജ്ഞാപരമായ ഒരു സമീപനം, ഒട്ടും പരിഗണന പ്രകടിപ്പിക്കാത്ത ഒരു മനസ്സ്_ അതിൻെറ സ്വാഭാവികപരിണാമമായി കാണും. സ്വാർത്ഥലാഭങ്ങൾക്കായി ചൂഷണം ചെയ്യപ്പെടാൻ ഉതകുന്ന കാലത്തോളംമാത്രം ഈ അവസ്ഥയിൽ വ്യക്തികൾ ബഹുമാനിക്കപ്പെടും. ഇങ്ങനെ നിഷ്പക്ഷമായി പരിശോധിക്കുമ്പോൾ ആധുനിക സ്വേച്ഛാധിപത്യത്തിൻെറ വേരു് സർവ്വാതിശായിയായ സത്യത്തിൻെറ നിഷേധത്തിലാണു് കണ്ടെത്താൻ കഴിയുക. മനുഷ്യവ്യക്തി അദൃശ്യനായ സർവ്വേശ്വരൻെറ ദൃശ്യനായ പ്രതിച്ഛായയാണെന്ന സത്യം അംഗീകരിക്കുമ്പോൾ മനുഷ്യൻ പ്രകൃത്യാതന്നെ അവകാശങ്ങളുടെ ഉടമയാണെന്നു തിരിച്ചറിയാം. (മനുഷ്യൻ എന്ന നിലയ്ക്കുള്ള ഒരു വ്യക്തിയുടെ അവകാശത്തെക്കുറിച്ചു് തോമസ് ജെഫേഴ്സൺ അമേരിക്കൻ ഭരണഘടനയിൽ എഴുതിച്ചേർത്തിരിക്കുന്നു. മനുഷ്യൻെറ മൗലികാവകാശം ദൈവദത്തമാണു്. Right for life Liberty & pursuit of Happiness) ഇത്തരം അവകാശങ്ങൾ യാതൊരാൾക്കും_വ്യക്തിക്കോ, ഗ്രൂപ്പിനോ വർഗ്ഗത്തിനോ, ദേശത്തിനോ, ഭരണകൂടത്തിനോ_നിഷേധിക്കാനോ ലംഘിക്കാനോ അവകാശമില്ല. ന്യൂനപക്ഷത്തിനെതിരെ നീങ്ങിക്കൊണ്ടോ അവരെ ഒററപ്പെടുത്തിക്കൊണ്ടോ, പീഡിപ്പിച്ചുകൊണ്ടോ, ചൂഷണം ചെയ്തുകൊണ്ടോ അല്ലെങ്കിൽ ഉന്മൂലനം

ചെയ്യാൻ ശ്രമിച്ചുകൊണ്ടോ സമൂഹശരീരത്തിലെ ഭൂരിപക്ഷത്തിനുപോലും ഈ അവകാശങ്ങൾ ലംഘിക്കാൻ അവകാശമോ അധികാരമോ ഇല്ല''.

വർഗ്ഗീയതയ്ക്കെതിരായ ഈ നിലപാട് ഈശ്വരവിശ്വാസത്തിന്റെ പ്രായോഗികപരിശീലനവും നിഗമനവുമാണ്. അതുകൊണ്ട് ദൈവം രാഷ്ട്രീയത്തിന്റെ മൂല്യസ്രോതസ്സായി മാറുമ്പോൾ മാത്രമേ യഥാർത്ഥ ജനാധിപത്യം നിലവിൽ വരികയുള്ളൂ. അതുകൊണ്ട് ഈ നിർദ്ധാരണങ്ങളുടെ വെളിച്ചത്തിൽ നമുക്ക് എത്തിച്ചേരാൻ കഴിയുന്ന ചില നിഗമനങ്ങളുണ്ട്. എല്ലാ മതങ്ങളെയും വർഗ്ഗീയമെന്നു വിളിയ്ക്കരുത്. ഏതൊരു മതമാണോ വ്യക്തിയേയും, ഗ്രൂപ്പിനേയും, വർഗ്ഗത്തേയും, സമൂഹത്തെയും, സത്യത്തിനുമുകളിൽ സ്വയം പ്രതിഷ്ഠിച്ചുകൊണ്ട് തങ്ങളെത്തന്നെ ദൈവമായി കാണുന്നത്. അത്തരം പ്രവണതകളെയാണ് വർഗ്ഗീയമായി കണക്കാക്കേണ്ടത് അത്തരം പ്രവണതകൾ മനുഷ്യരെ തട്ടുകളായി തരംതിരിക്കുകയും ഒരുവിഭാഗം മറ്റൊരു വിഭാഗത്തെ അടിച്ചമർത്തണമെന്ന അവകാശം സിദ്ധാന്തവൽക്കരിക്കുകയും ചെയ്യും. സത്യത്തേയും നന്മയേയും കുറിച്ചുള്ള സ്വകീയധാരണ മറ്റുള്ളവരുടെമേൽ അടിച്ചേൽപ്പിക്കാനുള്ള അവകാശം തങ്ങൾക്കുണ്ടെന്നു് ശാസ്ത്രീയമോ, മതപരമോ ആണെന്നു് ഭാവിക്കുന്ന ഒരാദർശത്തിന്റെ പേരിൽ വാദിക്കുന്നവരിലാണ് ഈ മതഭ്രന്തും മൗലികവാദവും തുറന്നരൂപത്തിൽ ദൃശ്യമാകുന്നത്. 12

## ഉപസംഹാരം

ഈ വിഷയത്തെ ആസ്പദമാക്കി 1965–ൽ നടന്ന ഐക്യരാഷ്ട്രസഭാ കൺവെൻഷൻ ഇപ്രകാരം അഭിപ്രായപ്പെട്ടു: ''Any doctrine of superionty based on the differences between races is scientifically false, morally condemnable and socially unjust and dangerous'' 13 ഈ സങ്കല്പങ്ങൾ–ധാരണകൾ ഇവ (Doctrine of Superionty യെ സംബന്ധിച്ചവ) ഇല്ലാതാക്കാൻ വർഗ്ഗങ്ങളെയോ, സംസ്കാരങ്ങളെയോ നിർമ്മാർജ്ജനം ചെയ്യുകവഴി സാധ്യമാവില്ല. മറ്റുമതങ്ങളെയും സംസ്കാരങ്ങളെയും, വർഗ്ഗങ്ങളെയും ബഹുമാനിക്കുന്നതിലൂടെ മാത്രമേ അതിനു കഴി

യു. ഈ സാദ്ധ്യതയുടെ സവിശേഷത അന്യോന്യം വ്യത്യാസങ്ങൾ ഇല്ല എന്നു തെളിയിക്കുന്നതിലല്ല പ്രത്യുത സമാധാനപൂർവ്വകവും സൗഹാർദ്ദപരമായ സഹവർത്തിത്വത്തിലൂടെയാണ് ഫലമണിയുക. ഇന്ത്യയുടെ മഹത്തായ പാരമ്പര്യം ഉദ്ഘോഷിക്കുന്ന നാനാത്വത്തെ അംഗീകരിക്കുന്ന മതം മനുഷ്യഹൃദയങ്ങളിൽ ഉദയംകൊള്ളട്ടെ. ഈ സന്ദർഭത്തിൽ യേശുവിന്റെ ഒരു ഉപമ പ്രസക്തവും ഉദ്ധരണയോഗ്യവുമാണ്. തന്റെ കൃഷിയിടത്തിൽ നല്ല വിത്തുവിതച്ച ഒരുത്തമ കർഷകനോട് സ്വർഗ്ഗരാജ്യത്തെ ഉപമിക്കാം. അയാളുടെ ആളുകൾ നിദ്രാധീനരായപ്പോൾ ശത്രു വന്ന് ഗോതമ്പുവിത്തുകൾക്കിടയിൽ കളകൾ വിതച്ചിട്ട് കടന്നുകളഞ്ഞു- കുറച്ചുകഴിഞ്ഞപ്പോൾ ഭൃത്യൻ വന്ന് കർഷകനോടു ഉണർത്തിച്ചു: "യജമാനനേ അങ്ങു വിതച്ചത് ഗോതമ്പുവിത്തുകളല്ലേ? പിന്നെ എങ്ങനെ വയലിൽ ഈ കളകൾ കടന്നുവന്നു?

അയാൾ പറഞ്ഞു: "ശത്രുവാണിതു ചെയ്തത്"' ഭൃത്യന്മാർ ഒന്നടങ്കം പറഞ്ഞു:-

-എങ്കിൽ ഞങ്ങൾ പോയി കളകൾ പറിച്ചുകളയട്ടെയോ? യജമാനൻ പറഞ്ഞു:-

-"വേണ്ട. നിങ്ങൾ ഇപ്പോൾ കളകൾ പറിച്ചുനീക്കുമ്പോൾ ഗോതമ്പുചെടികളുംകൂടി പിഴുതുപോയേക്കാം. കൊയ്ത്തുകാലം വരെ അവ രണ്ടും ഒരുമിച്ചു വളരട്ടെ" (മത്തായി 13:24-30)

ഈ നീതിബോധവും ബോധ്യവും നമ്മുടേതല്ലാത്ത മതങ്ങൾക്കുനേരെ ബലംപ്രയോഗിക്കാനുള്ള അഭിവാഞ്ഛ തടയിടട്ടെ; അതിനായുള്ള നമ്മുടെ സാദ്ധ്യതയെ നിഷേധിക്കട്ടെ. തിന്മനിറഞ്ഞവരിൽനിന്നു ദൈവരാജ്യപ്രജകളെ വേർതിരിച്ചു നിർത്താൻ ദൈവത്തിനുമാത്രമേ അധികാരമുള്ളൂ - എന്ന് ഈ ഉപമ ഉദ്ബോധിപ്പിക്കുന്നു. സമയത്തിന്റെ തികവിൽ, അന്ത്യവേളയിൽ ആ വിധിതീർപ്പ് സംഭവിക്കുക തന്നെ ചെയ്യുമെന്നും അതു നമ്മെ പഠിപ്പിക്കുന്നുണ്ട്. ആ വിധി-ദൈവത്തിന്റേതു മാത്രമായ ആ തീർപ്പ്-നടപ്പിലാക്കാൻ തുനിയുന്നതു വഴി മനുഷ്യൻ തന്നെത്തന്നെ ദൈവത്തിന്റെ സ്ഥാനത്ത് അവരോധിക്കുകയെന്ന അപരാധമാണ് ചെയ്യുക. 14 ദൈവത്തിന്റെ ക്ഷമയ്ക്കും തീരുമാനത്തിനും എതിരെ തന്നെത്തന്നെ പ്രതിഷ്ഠിക്കുകയാണ് ഇതിലൂടെ അവൻ ചെയ്യുന്നതെന്ന കാര്യം പകൽപോലെ വ്യക്തമല്ലേ?

## Notes and References

1. കെ.എൻ. പണിക്കർ : "വർഗ്ഗീയതയുടെ പ്രത്യയശാസ്ത്രം" വർഗീയതയുടെ പ്രത്യയശാസ്ത്രം (കോഴിക്കോട്, പുരോഗമന പ്രസാധന സമിതി) പുറം 91

2. Ibid പുറം 95

3. അസ്ഗർ അലി എഞ്ചിനിയർ : "മുസ്ലീം മതമൗലികവാദത്തിന്റെ അടിവേരുകൾ" വർഗീയതയുടെ പ്രത്യയശാസ്ത്രം പുറം 48

4. റോമില ഥാപ്പർ : "മതസമുദായങ്ങളുടെ രാഷ്ട്രീയം" വർഗീയതയുടെ പ്രത്യയശാസ്ത്രം പുറം 40

5. C. P. Bambri : "Cohesion, Conflicts and Contradictions within the Indian state", **Social Scientist** May-June 1993

6. കെ.എൻ. പണിക്കർ, Opcit പുറം 90

7. മൗലികാവകാശങ്ങളെ ഭരണഘടന നിഷേധിക്കുന്നില്ല എന്ന അർത്ഥത്തിലാണ് ഈ ലേഖനം മുന്നോട്ടുനീങ്ങുന്നത്. ഭരണഘടനതന്നെ മൗലികാവകാശങ്ങളെ നിഷേധിക്കുമ്പോഴും അഹിംസയിലടിയുറച്ച ഒരു അഭിപ്രായസമന്വയത്തിലൂടെയുള്ള ഭരണഘടനാമാററമാണ് ലേഖകൻ മുന്നിൽ കാണുന്നത്. ജനങ്ങളുടെ ബോധത്തിലൂടെ രൂപംകൊള്ളുന്ന ഭരണഘടനയിലെ വളർച്ചയ്ക്കുമാത്രമേ ശാശ്വതമായ നിലനില്പ് അവകാശപ്പെടാനാവൂ.

8. ജോൺ പോൾ II : ചെന്തേസിമൂസ് അന്നൂസ്, 25.2
(Vaticancity)

9. Pontifical Commission
JUSTITIA ET PAX : THE CHURCH AND RACISM
TOWARDS A MORE FRATERNAL
SOCIETY P. 9 (Vaticancity)

10. AAS XXIX (1937) of PIOUSXI, Requoted from Church and Racism P. 14

11. Leo XIII, Encyclical Letter Libertas Praestantissimum (20th June 1888)

12. ജോൺ പോൾ II Opcit, 41.2

13. Para 6 of the preamble of the International Convention on the elimination of all forms of racial discrimination which was adopted On 21st December 1965 and which was entered into force On 4th January 1969

14. ജോൺപോൾ II, opcit, 25.2

കഴിഞ്ഞ ഏഴ് വർഷമായി സാമൂഹ്യസേവനരംഗത്ത് പ്രവർത്തിക്കുന്ന ഒരു സന്നദ്ധസംഘടനയാണ് C. F. D. സമൂഹം നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് സ്വന്തമായ കാഴ്ചപ്പാടും നിലപാടും C.F.Dയ്ക്കുണ്ട്. സമൂഹം ഇന്ന് നേരിടുന്ന വിവിധങ്ങളായ പ്രശ്നങ്ങൾക്ക് താത്വികമായ വിശകലനം നല്കുന്ന C.F.D യുടെ കീഴിലുള്ള ഒരു സ്ഥാപനമാണ് Faith and Democracy Intitute for Development Studies (FDIDS). മനുഷ്യന്റെ സമ്പൂർണ്ണ വികസനം ലക്ഷ്യമാക്കിയുള്ള പ്രശ്നങ്ങൾ പഠിക്കുകയും അവതരിപ്പിക്കുകയും ചെയ്യുക എന്നതാണ് ഈ സ്ഥാപനത്തിന്റെ മുഖ്യ ലക്ഷ്യം. ഞങ്ങളുടെ ആശയങ്ങൾ എതിർക്കുന്നവരുണ്ട് അനുകൂലിക്കുന്നവരുണ്ട്. എതിർക്കുന്നവരെയും അനുകൂലിക്കുന്നവരെയും ഞങ്ങൾ ഒരു സംവാദത്തിന് സ്വാഗതം ചെയ്യുന്നു. നിങ്ങളുടെ പ്രതികരണങ്ങൾ അയക്കേണ്ട വിലാസം


DIRECTOR
FDIDS
PRATEEKSHA BHAVAN
CHIYYARAM
TRICHUR - 26



DHARMARAM



Printed and Published By CFD, TRICHUR-26


Board of Editors : Dr. C. T. PAUL, Prof. V. P. JOHN,
Fr. WERNER CMI, K. M. FRANCIS.

# മതവും രാഷ്ട്രീയവും

കെ. എം. ഫ്രാൻസീസ്

CENTRE FOR FAITH AND DEMOCRACY
CHIYARAM
TRICHUR - 26

Rs. 3.00